LIBRARY ARCHIVES Kerala Legislative Assembly

സഞ്ചരിക്കുന്ന സ്റ്റോർ ആരംഭിക്കാൻ നടപടി

113 (179) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച സഞ്ചരിക്കുന്ന സ്റ്റോറിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ആരംഭിക്കുന്ന സഞ്ചരിക്കുന്ന സ്റ്റോർ വളരെ പിന്നോക്കം നിൽക്കുന്ന പാറശ്ശാല മണ്ഡലത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പ്രവർത്തന വ്യാപ്തി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ ജില്ലയിൽ എത്ര സഞ്ചരിക്കുന്ന സ്റ്റോറാണ് ആരംഭിക്കാൻ പോകുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിൽ രണ്ട് മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി ഒരു മൊബൈൽ മാവേലി സ്റ്റോർകൂടി ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ജില്ലയിൽ അനുവദിച്ച മൊബൈൽ മാവേലി സ്റ്റോർ മലയോര പ്രദേശങ്ങളും ആദിവാസി മേഖലകളും കേന്ദ്രീകരിച്ചാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ഒന്ന്.

കൊട്ടാരക്കരയിലെ സപ്ലൈകോ സൂപ്പർമാർക്കറ്റ് പീപ്പിൾസ് ബസാറായി ഉയർത്താൻ നടപടി

114 (180) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കരയിലെ സപ്ലൈകോ സൂപ്പർ മാർക്കറ്റ് പീപ്പിൾസ് ബസാറാക്കി ഉയർത്തുന്നതിന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിൽ കൈക്കൊണ്ടിട്ടുള്ള അനന്തര നടപടികൾ എന്തെല്ലാമാണ് ;

(സി) പീപ്പിൾസ് ബസാർ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.